ഹരിതകേരളം മിഷൻ
കേരളസർക്കാർ

പ്രസിദ്ധീകരണത്തിന് 26.09.2017

# ഹരിതോത്സവം നാളെ ( 28.09.2017) മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യും

പൊതുവിദ്യാലയങ്ങൾ ഹരിതവിദ്യാലയങ്ങളാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിൽ ഹരിതകേരളം മിഷൻ സംഘടിപ്പിക്കുന്ന ഹരിതോത്സവത്തിന്റെ സംസ്ഥാന തല ഉദ്ഘാടനം നാളെ ( 28.09.2017) ഉച്ചയ്ക്ക് 12.30 ന് തിരുവനന്തപുരത്ത് കോട്ടൺഹിൽ ഗവ. ഗേൾസ് ഹയർസെക്കണ്ടറി സ്കൂളിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ.പിണറായി വിജയൻ നിർവ്വഹിക്കും. വിദ്യാഭ്യാസ വകുപ്പ് മന്ത്രി പ്രൊഫ.സി.രവീന്ദ്രനാഥ് അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ തിരുവനന്തപുരം കോർപ്പറേഷൻ മേയർ അഡ്വ.വി.കെ പ്രശാന്ത് കുട്ടികൾക്ക് ഹരിതോത്സവ പ്രതിജ്ഞ ചൊല്ലിക്കൊടുക്കും.

വിദ്യാർത്ഥികളെയും അവർക്ക് ചുറ്റുമുള്ള പ്രകൃതിയേയും ഗാഢമായി ബന്ധിപ്പിച്ച് കൊണ്ട് ഹരിത സൗഹൃദമായ ഒരു വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കാനുള്ള ഹരിതകേരളം മിഷന്റെ ശ്രമമാണ് ഹരിതോത്സവം. പാഠഭാഗങ്ങളുമായി ഒത്തുപോകുന്ന പ്രായോഗിക പ്രവർത്തനങ്ങളും, മികച്ച ഹരിതവിദ്യാലയങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള കർമ്മപരിപാടികളും ഹരിതോത്സവത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളെ രേഖപ്പെടുത്തുന്നതിനും വിദ്യാർത്ഥികൾക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനും വേണ്ടി തയ്യാറാക്കിയ കൈപ്പുസ്തകം ചടങ്ങിൽ മുഖ്യമന്ത്രി പ്രകാശനം ചെയ്യും.

ശ്രീ.ശശി തരൂർ എം.പി , ശ്രീ.വി.എസ് ശിവകുമാർ എം.എൽ.എ എന്നിവർ പ്രഭാഷണം നടത്തും. ഡെപ്യൂട്ടി മേയർ അഡ്വ.രാഖി രവികുമാർ, പൊതുവിദ്യാഭ്യാസ ഡയറക്ടർ ശ്രീ.കെ.വി മോഹൻകുമാർ ഐ.എ.എസ്, ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ ശ്രീമതി ടി.മിത്ര ഐ.എ.എസ് , ഹരിതോത്സവം അക്കാദമിക് ഗ്രൂപ്പ് കൺവീനർ ശ്രീ.ജോജി കൂട്ടുമ്മേൽ, കോട്ടൺഹിൽ സ്കൂൾ പി.ടി.എ പ്രസിഡന്റ് ശ്രീ.എസ് പ്രദീപ് കുമാർ എന്നിവർ ആശംസകൾ നേരും. ഹരിതകേരളം മിഷൻ എക്സിക്യൂട്ടീവ് വൈസ് ചെയർ പേഴ്സൺ ഡോ.ടി.എൻ സീമ സ്വാഗതം പറയും, സ്കൂൾ പ്രിൻസിപ്പൽ ശ്രീമതി പി.വി ഷീജ നന്ദി പ്രകാശിപ്പിക്കും.

അധ്യാപക സർവ്വീസ് സംഘടനകൾ, മാതൃഭൂമി 'സീഡ്', മറ്റ് സന്നദ്ധ സംഘടനകൾ എന്നിവരുടെ സഹകരണത്തോടെയാണ് ഹരിതകേരളം മിഷൻ ഹരിതോത്സവം സംഘടിപ്പിച്ചിരിക്കുന്നത്. ചടങ്ങിൽ ഹരിതോത്സവം പരിപാടി മാതൃഭൂമി 'സീഡ്' സ്കൂളുകളിൽ നടപ്പാക്കുന്നതിന്റെ പ്രഖ്യാപനം മാതൃഭൂമി ജോയിന്റ് മാനേജിംഗ് ഡയറക്ടർ ശ്രീ.എം.വി ശ്രേയാംസ് കുമാർ നിർവ്വഹിക്കും.

**ഡോ. ടി.എൻ. സീമ**
എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ

റ്റി.സി 2/3271(3)(4), 'ഹരിതം', കുട്ടനാട് ലെയിൻ, പട്ടം പാലസ് പി.ഒ, തിരുവനന്തപുരം- 695 004
ഫോൺ : 0471 2449939, ഇ-മെയിൽ : haritham@kerala.gov.in